പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1390

12/07/2011 ൽ മറുപടിക്ക്

# വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കാൻ നടപടി

**ചോദ്യം**

ശ്രീ. ബാബു.എം.പാലിശ്ശേരി :

**ഉത്തരം**

ശ്രീ. ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം കേന്ദ്രഗവൺമെന്റ് ഈയിടെ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ലിറ്ററാണ് കുറവു ചെയ്തിട്ടുള്ളത് ;

(എ) സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം കേന്ദ്രഗവൺമെന്റ് ഈയിടെ വെട്ടിക്കുറച്ചിട്ടുണ്ട്. 2011 മേയ് മാസം വരെ പ്രതിമാസം 18756 കിലോലിറ്ററായിരുന്നു അനുവദിച്ചു വന്നിരുന്നത്. 2011 ജൂൺ മാസം അത് 15972 കിലോലിറ്ററും 2011 ജൂലൈ മാസം 15960 കിലോ ലിറ്ററുമാക്കി വെട്ടിക്കുറച്ചു.

(ബി) മണ്ണെണ്ണ വിഹിതം തുടർച്ചയായി വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര ഗവൺമെന്റ് സമീപനം, റേഷൻ കാർഡുകൾ പുതിയതായി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ കാർഡുടമകളെ മൊത്തത്തിൽ ദോഷകരമായി ബാധിയ്ക്കില്ലേ ;

(ബി) മണ്ണെണ്ണ വിഹിതം തുടർച്ചയായി വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനത്തെ കാർഡുടമകൾക്കുള്ള മണ്ണെണ്ണ വിഹിതം കുറയ്ക്കുവാനിടയാക്കുന്നുണ്ട്.

(സി) ഇതു പരിഹരിക്കാൻ വെട്ടിക്കുറച്ച മണ്ണെണ്ണവിഹിതം പുനഃസ്ഥാപിക്കാൻ കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(സി യും) (ഡി യും) വെട്ടിക്കുറച്ച മണ്ണെണ്ണവിഹിതം പുനഃസ്ഥാപിച്ചു നൽകുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.